"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള റബ്ബർ ലിമിറ്റഡിന്റെ ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടറായ ശ്രീമതി ഷീല തോമസ് IAS(Rtd)ന്റെ സേവന കാലാവധി 09/09/2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1003/2024/ID തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:- 1. 26-08-2021 ലെ സ.ഉ (കൈ)നമ്പർ 94/2021/വ്യവ
2. 22/12/2022 ലെ സ.ഉ (സാധാ)നമ്പർ 1332/2022/വ്യവ
3. കേരള റബ്ബർ ലിമിറ്റഡ് ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടറുടെ 31/08/2024 ലെ KRL/CMDO/164/2024-25 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള റബ്ബർ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുകയും ശ്രീമതി ഷീല തോമസ് IAS (Rtd) നെ കേരള റബ്ബർ ലിമിറ്റഡിന്റെ ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ ആയി നിയമിക്കുകയും ചെയ്തു. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടറുടെ നിയമന കാലാവധി ചാർജ് ഏറ്റെടുത്ത തീയതി മുതൽ 3 വർഷമായി നിജപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം ശ്രീമതി ഷീല തോമസിന്റെ സേവന കാലാവധി 08/09/2024 ൽ അവസാനിച്ചിരുന്നു.

2) സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച കേരള റബ്ബർ ലിമിറ്റഡിന്റെ പ്രാരംഭ ദിശയിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലും, ലക്ഷ്യമിട്ടതും തുടർന്ന് വരുന്നതുമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുമായി, കേരള റബ്ബർ ലിമിറ്റഡിന്റെ ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടറായി നിയമിച്ചിരുന്ന ശ്രീമതി. ഷീല തോമസ് IAS (Rtd)-ന്റെ സേവനം അഭികാമ്യമായതിനാൽ ടിയാന്റെ സേവന കാലാവധി 09/09/2024 മുതൽ മുൻപ്

നിശ്ചയിച്ചിരുന്ന സേവന വ്യവസ്ഥകളോടെ, ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ, കേരള റബ്ബർ ലിമിറ്റഡ്, കോട്ടയം
മെമ്പർ സെക്രട്ടറി, ബി.പി.റ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ ),തിരുവനന്തപുരം
പൊതുഭരണ (എസ്.സി)വകുപ്പ്
ഇൻഫോർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shabna N
സെക്ഷൻ ഓഫീസർ
Date: 14-10-2024 16:11:33